അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

87 [3138] ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ അസിസ്റ്റന്റ് എഞ്ചിനീയർ/ അസിസ്റ്റന്റ് ടൗൺപ്ലാനിംഗ് ആഫീസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) അവ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 27 ഒഴിവുകളുണ്ട്. (ഇതിൽ 8 ഒഴിവുകൾ എസ്. സി./ എസ്. ടി. വിഭാഗത്തിന് സംവരണം ചെയ്തിട്ടുണ്ട്.)

(ബി) ഉണ്ട്. ഇതിൽ 8 ഒഴിവുകൾ 4-12-2001-ലെ ബി 3-50/99 നമ്പർ കത്തു പ്രകാരവും 19 ഒഴിവുകൾ 9-6-2004-ലെ ബി 3-45/04 നമ്പർ കത്തുപ്രകാരവും നഗരകാര്യ ഡയറക്ടർ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എ. ഡി. ബി. സഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ

88 [3139] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, എം. കുമാരൻ:

,, മാങ്കോട് രാധാകൃഷ്ണൻ:

,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. ഡി. ബി. സഹായത്തോടെ സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ മുപരേഖ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എ. ഡി. ബി. എത്രകോടി രൂപയുടെ വായ്പയാണ് സംസ്ഥാനത്തെ ഒരോ കോർപ്പറേഷനുകൾക്കും നൽകുന്നത്;

(ഡി) പ്രസ്തുത ധനസഹായവും വായ്പയുമായി ബന്ധപ്പെട്ട് എ. ഡി. ബി.-യുമായി സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചിട്ടുണ്ടോ; ഈ ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഇ) വായ്പയ്ക്ക് എ. ഡി. ബി. ഈടാക്കുന്ന പലിശ എത്ര; വായ്പയുടെ പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകളും എന്തെല്ലാമാണ്;

(എഫ്) കോർപ്പറേഷനുകളേയും ജനങ്ങളേയും കടക്കാരാക്കുന്നതും കോർപ്പറേഷനുകളുടെ സ്വതന്ത്ര പ്രവർത്തനങ്ങളെ അപകടപ്പെടുത്തുന്നതുമായ വായ്പയും സഹായവും വേണ്ടെന്നുവയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly